# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5497 6.7.2012-ൽ മറുപടിയ്ക്ക്

**മഴവെള്ള സംഭരണി നിർമ്മാണത്തിന് സഹായം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| സംസ്ഥാനത്ത് കുടിവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നതെന്ന് വ്യക്തമാക്കാമോ | മഴവെള്ള സംഭരണികൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള പദ്ധതിയ്ക്ക് ജലനിധി സ്കീമിൽ രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഗുണഭോക്തൃവിഹിതമായി 10%വും പഞ്ചായത്ത് വിഹിതമായി 15 %വും നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മഴകേന്ദ്രം വഴിയും മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുന്നുണ്ട്. ആയതിനു ബി.പി.എൽ വിഭാഗത്തിന് 10%വും എ.പി.എൽ വിഭാഗത്തിന് 15%വും ഗുണഭോക്തൃ വിഹിതമുണ്ട്. ഇതിലേക്ക് ഈ വർഷം 12.02 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ NRDWP ഫണ്ടിൽനിന്നും ത്വരിത ഗ്രാമീണ പദ്ധതിയിൽ ഉൾ പ്പെടുത്തി മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. |

താഴെ

സെക്ഷൻ ഓഫീസർ